# വീര്യം പ്രവർത്തിക്കുന്ന വലങ്കൈ

## സങ്കീർത്തനം 118:16

"യഹോവയുടെ വലങ്കൈ ഉയർന്നിരിക്കുന്നു. യഹോവയുടെ വലങ്കൈ വീര്യം പ്രവർത്തിക്കുന്നു."

'വലങ്കൈ' എന്നും ശക്തിയെയും കഴിവിനെയും പ്രതിനിധാനം ചെയ്തു നിലകൊള്ളുന്നു. അങ്ങനെയെങ്കിൽ ദൈവത്തിന്റെ വലങ്കൈ എപ്രകാരം ഇരിക്കുന്നുവെന്നും അത് എന്തിനായി നിലകൊള്ളുന്നുവെന്നും വചനം ഉറപ്പു തരുന്നു. വളരെ മനോഹരവും, ദൈവ മക്കളുടെ ഹൃദയത്തെ ശക്തിപ്പെടുത്തുന്നതുമായ വാക്യം. കടന്നുപോയ ജീവിതാനുഭവങ്ങൾ, സാക്ഷ്യങ്ങൾ അത് ഏറ്റുപറയുവാൻ സങ്കീർത്തനക്കാരനെ ശക്തമാക്കി, സഹായിച്ചു. നമ്മുടെയും ജീവിതയാത്രയിൽ ഈ സന്തോഷവാർത്ത ധൈര്യവും ശക്തിയും ബലവും ഒക്കെയായിത്തീരട്ടെ.

പുറപ്പാട് 17:11-ൽ നാം വായിക്കുന്നു. "മോശ കൈ ഉയർത്തിയിരിക്കുമ്പോൾ യിസ്രായേൽ ജയിക്കും. കൈ താഴ്ത്തിയിരിക്കുമ്പോൾ അമാലേക്ക് ജയിക്കും". മോശയുടെ കൈ ഉയർന്നിരുന്നപ്പോൾ യിസ്രായേലിന് ശക്തിയും, ജയവും ഉറപ്പുവന്നു. എന്നാൽ മാനുഷിക ബലഹീനതയിൽ കൈ ഉയർത്തിനിൽക്കാൻ പറ്റാതെ വന്നപ്പോൾ രണ്ടുപേർ അവന്റെ കരം താങ്ങി എന്നും നാം കാണുന്നുണ്ട്. അതേ, ഉയർന്നിരിക്കുന്ന കരം ജയത്തിന്റെയും ശക്തിയുടെയും അടിസ്ഥാനമായി നിൽക്കുന്നു. ഇന്ന് ദൈവികകരം ഉന്നതമായി നമുക്ക് കൂടെയുണ്ട്. അവ നിരന്തരം ഉയർന്നിരിക്കുന്നു. ഉയർന്നിരിക്കുന്നു എന്നു മാത്രമല്ല, വീര്യത്തോടെ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. മോശയുടെ കൈ ഇടയ്ക്ക് താണുപോയി. എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ കരം താണുപോകുന്നില്ല. ആ ശക്തി കുറയുന്നില്ല. ദൈവത്തിന്റെ വലതുകരം ഉയർന്നാൽ ഒരു ശക്തിക്കും അതിന്റെ മുമ്പിൽ നിലനിൽക്കാൻ പറ്റില്ല. ഒരു ശത്രുവിനോ, പ്രകൃതിശക്തികൾക്കോ, പാപ ബന്ധനങ്ങൾക്കോ, അന്ധകാരശക്തിക്കോ ഒന്നും അതിന്റെ മുമ്പിൽ നിലനിൽപ്പില്ല. അത്ഭുതകരമായ ആ കരങ്ങൾക്കായി നമ്മുടെ ദൈവത്തെ സ്തുതിക്കാം.

യേശുകർത്താവ്, ഉയർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തു, പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി പകർന്നു തന്നു (അപ്പോ.പ്ര 2:32-35). ദൈവത്തിന്റെ വലത്തുഭാഗത്തു നിന്ന് അവൻ നമുക്ക് പരിശുദ്ധാത്മാവ് എന്ന വലിയ വാഗ്ദത്തം ആണ് തന്റെ മക്കൾക്ക് പകർന്നു തന്നത്. ഉയർന്നിരിക്കുന്ന

വലങ്കൈ ശക്തിയുടെയും, വാഗ്ദത്തത്തിന്റെയും, കരുതലിന്റെയും, നടത്തിപ്പിന്റെയും ഒക്കെ സ്രോതസ്സാകുന്നു.

നാം ദൈവത്തിന്റെ മക്കളാണെന്നുള്ള പൂർണ്ണബോധ്യവും, ഉറപ്പും ജീവിതത്തിലുണ്ടെങ്കിൽ, തീർച്ചയായും, വാഗ്ദത്തം ഓരോ ദൈവ പൈതലിന്റെയും സ്വന്തമാകുന്നു, അവകാശമാകുന്നു. അവനെ ശരണമാക്കുന്നവരെ താങ്ങുന്ന 'വലങ്കൈ', രക്ഷിക്കുന്ന 'വലങ്കരം' അതിൽ മാത്രം ആശ്രയിക്കാം. പെരുവെള്ളത്തിൽ നിന്നും മോശയെ വലിച്ചെടുത്ത കരം, ഇന്ന് നിരന്തരം നമ്മുടെ ജീവിതത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഏതു സമയത്തും സഹായത്തിനായി, കരുതലിനായി, ബലത്തിനായി, നന്ദിയോടെ സ്തോത്രം ചെയ്യാം. ഉന്നതമായ ദൈവികകരങ്ങൾക്കു മീതെ ഒന്നുമില്ല. നമ്മുടെ ജീവിത യാത്രയിൽ നേരിടുന്ന എന്തും, നിസ്സഹായത ആകട്ടെ, ബലഹീനതയാകട്ടെ, ഭയപ്പെടുത്തലുകൾ ആകട്ടെ, സകലത്തിനും മീതെ ഉയർന്നിരിക്കുന്ന വലങ്കൈ ഒന്നു നീട്ടുവാൻ, താങ്ങുവാൻ, വിടുവിക്കാൻ കർത്താവേ കരുണ തോന്നണമേ എന്നുമാത്രം പ്രാർത്ഥിക്കാം. അവൻ കൈ തിരിച്ചാൽ, കൈ വലിച്ചാൽ ദൈവമക്കൾ തകരും. അങ്ങനെ കുഴിയിൽ ഇടുന്ന ഒരു ദൈവമല്ല നമ്മുടെ തമ്പുരാൻ. അതേ, യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു. അവൻ വിശുദ്ധസ്വർഗ്ഗത്തിൽ നിന്ന് തന്റെ വലങ്കൈയുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ ഉത്തരമരുളും (സങ്കീ. 20:6-7). ദൈവികവാഗ്ദത്തങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഉയർന്നിരിക്കുന്ന വലങ്കരത്തിന്റെ സഹായത്തിനായി നമ്മുടെ കണ്ണുകളെ സ്വർഗ്ഗത്തിലേക്ക് ഉയർത്താം. പ്രാർത്ഥിക്കാം.

പരാമർശം:

യെശയ്യാവ് 49:16,17

ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരെച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലായ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്റെ മക്കൾ ബദ്ധപ്പെട്ടു വരുന്നു; നിന്നെ നശിപ്പിച്ചവരും ശൂന്യമാക്കിയവരും നിന്നെ വിട്ടുപോകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 147